"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - 2024-25 സാമ്പത്തിക വർഷത്തെ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച ചെലവുകൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്പെഷ്യൽ ഗ്രാന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2918/2025/LSGD തീയതി,തിരുവനന്തപുരം, 05-12-2025

---

പരാമർശം:-

1. 13-06-2024 ലെ സ.ഉ (സാധാ.) നം. 1042/2024/എൽ.എസ്.ജി.ഡി.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16-09-2025 തീയതിയിലെ LSGD/PD/61334/2023-DPLA1 നമ്പർ കത്ത്.

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷത്തെ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച ചെലവുകൾക്കായി ഇടുക്കി, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്കും, പത്തനംതിട്ട, കോട്ടയം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലെ വിവിധ മുനിസിപ്പാലിറ്റികൾക്കും ബജറ്റിൽ സ്പെഷ്യൽ ഗ്രാന്റായി വകയിരുത്തിയ തുക അനുവദിക്കുന്നതിനായി പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷത്തെ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച ചെലവുകൾക്കായി ഇടുക്കി, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലെ 36 ഗ്രാമപഞ്ചായത്തുകൾക്കായി 2,31,00,000/- രൂപ (രണ്ട് കോടി മുപ്പത്തൊന്ന് ലക്ഷം രൂപ) 2515-00-198-50 (02) NP ശീർഷകത്തിലെ നടപ്പുസാമ്പത്തിക വർഷ വിഹിതത്തിൽ നിന്നും, പത്തനംതിട്ട, കോട്ടയം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലെ 8 മുനിസിപ്പാലിറ്റികൾക്കായി 1,05,00,000/- രൂപ (ഒരു കോടി അഞ്ചുലക്ഷം രൂപ) 2217-05-192-77-NP ശീർഷകത്തിലെ വിഹിതത്തിൽ നിന്നും ചുവടെ പരാമർശിച്ചിരിക്കുന്ന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | അനുവദിക്കുന്ന തുക (ലക്ഷത്തിൽ) |
|---|---|---|
| **പത്തനംതിട്ട ജില്ല** | | |
| 1 | കുളനട | 10.84 |
| 2 | റാന്നി - പെരുനാട് | 23.27 |
| 3 | അയിരൂർ | 4.57 |
| 4 | റാന്നി | 1.14884 |
| 5 | റാന്നി - അങ്ങാടി | 2.36 |
| 6 | റാന്നി - പഴവങ്ങാടി | 2.24 |
| 7 | ചെറുകോൽ | 5.19 |
| 8 | വടശ്ശേരിക്കര | 8.46 |
| 9 | നാറാണമൂഴി | 1.59 |
| 10 | സീതത്തോട് | 7.07 |
| 11 | ചിറ്റാർ | 8.43 |
| 12 | കോന്നി | 7.26 |
| 13 | ആറന്മുള | 2.59 |
| 14 | കോഴഞ്ചേരി | 2.36 |
| 15 | മെഴുവേലി | 9.43 |
| 16 | മല്ലപ്പുഴശ്ശേരി | 4.71 |
| 17 | ഓമല്ലൂർ | 1.21 |
| **കോട്ടയം ജില്ല** | | |
| 18 | എരുമേലി | 41.26116 |
| 19 | കോരുത്തോട് | 5.13 |
| 20 | മുണ്ടക്കയം | 1.41 |
| 21 | വെള്ളാവൂർ | 0.66 |
| 22 | മുത്തോലി | 7.07 |
| 23 | എലിക്കുളം | 2.83 |
| 24 | കാഞ്ഞിരപ്പള്ളി | 4.71 |
| 25 | ചിറക്കടവ് | 1 |
| 26 | പാറത്തോട് | 14.14 |
| 27 | മണിമല | 10.29 |
| **ഇടുക്കി ജില്ല** | | |
| 28 | പെരുവന്താനം | 6.6 |
| 29 | പീരുമേട് | 5.39 |
| 30 | വണ്ടിപ്പെരിയാർ | 7.07 |
| 31 | കുമളി | 9.43 |
| 32 | ഏലപ്പാറ | 3.72 |
| 33 | കാഞ്ചിയാർ | 1.06 |
| 34 | കരുണാപുരം | 5.0 |

| | | |
|---|---|---|
| ആലപ്പുഴ ജില്ല | | |
| 35 | തുറവൂർ | 1 |
| 36 | അമ്പലപ്പുഴ തെക്ക് | 0.5 |
| | **ആകെ** | Rs. 2,31,00,000 |
| **മുനിസിപ്പാലിറ്റികൾ** | | |
| 1 | പത്തനംതിട്ട | 29 |
| 2 | പന്തളം | 19 |
| 3 | തിരുവല്ല | 9 |
| 4 | ഏറ്റുമാനൂർ | 9 |
| 5 | പാലാ | 9 |
| 6 | വൈക്കം | 5 |
| 7 | ചെങ്ങന്നൂർ | 20 |
| 8 | പുനലൂർ | 5 |
| | **ആകെ** | **105** |

പ്രിൻസിപ്പൽ ഡയറക്ടർ പ്രസ്തുത ഗ്രാന്റ് ഗ്രാമപഞ്ചായത്തുകൾക്കും. നഗരസഭകൾക്കും മാറി നൽകുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തു സെക്രട്ടറിമാർ/ നഗരസഭ സെക്രട്ടറിമാർ എന്നിവർ പ്രസ്തുത ഗ്രാന്റ് ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾക്കും ശുചീകരണ പ്രവർത്തനങ്ങൾക്കും മാത്രമാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതും വകുപ്പ് തലവന് ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതുമാണ്. ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ തുകയുടെ വിനിയോഗം സംസ്ഥാന ഓഡിറ്റ് വകുപ്പ് പ്രത്യേകം പരിശോധിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർമാർ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കൊല്ലം, ആലപ്പുഴ.
ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)
ബന്ധപ്പെട്ട നഗരസഭ സെക്രട്ടറിമാർക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം).
അക്കൗണ്ടന്റ് ജനറൽ, (എ&ഇ / ആഡിറ്റ്/എൽബിഎ &എ,) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
റവന്യൂ (ദേവസ്വം) വകുപ്പ്,
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ടുമെന്റ്, തിരുവനന്തപുരം.
എക്സി. ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 05-12-2025 12:08:45

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്

തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്